# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5603      29.07.2015 - ൽ മറുപടിക്ക്

## ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ചവരുടെ ജില്ലാതല സ്ഥലംമാറ്റ വ്യവസ്ഥകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് | | ശ്രീ. ഉമ്മൻചാണ്ടി<br>ബഹു. മുഖ്യമന്ത്രി | |
| (എ) | പി.എസ്.സി. യുടെ ജില്ലാതല ലിസ്റ്റിൽ നിന്നും ലാസ്റ്റ് ഗ്രേഡ് സർവന്റായി ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് സ്വന്തം ജില്ലയിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; | (എ) | പി.എസ്.സി. യുടെ ജില്ലാതല ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം ലഭിക്കുന്നതിനായി നിലവിൽ ജോലി ചെയ്യുന്ന വകുപ്പിലെ നിയമനാധികാരിയുടെ ശുപാർശ സഹിതം ട്രാൻസ്ഫർ ആഗ്രഹിക്കുന്ന വകുപ്പിലെ നിയമനാധികാരിക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. |
| (ബി) | ജീവനക്കാരുടെ സീനിയോറിറ്റി ഏത് തീയതി മുതലാണ് കണക്കാക്കുന്നതെന്ന് വിശദമാക്കാമോ ? | (ബി) | നിലവിലെ വ്യവസ്ഥ പ്രകാരം ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ നിയമനം ലഭിച്ചവർക്ക് അന്തർ ജില്ല/ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കുമ്പോൾ പി.എസ്.സി. യുടെ അഡ്വൈസ് തീയതി മുതൽക്കുള്ള സീനിയോറിറ്റി ലഭിക്കുന്നതാണ്. എന്നാൽ മറ്റ് അന്തർ ജില്ല/ അന്തർ വകുപ്പ് സ്ഥലം മാറ്റങ്ങൾക്ക് Kerala Last Grade Service വിശേഷാൽ ചട്ടങ്ങളുടെ ചട്ടം 17(d) പ്രകാരമാണ് സീനിയോറിറ്റി നിശ്ചയിക്കുന്നത്. |

Sd/-

സെക്ഷൻ ഓഫീസർ